പത്രാധിപസമിതി
◆ കെ.ജി. ശങ്കരപ്പിള്ള ◆ സി. പി. ഗംഗാധരൻ
◆ എം.പി. രാജു ◆ സി. ആർ. നീലകണ്ഠൻനമ്പൂതിരി
◆ പി. എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ
◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ
◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ മിനി രാജു
◆ ജെ.ജെ. പള്ളത്ത് ◆ ജോർജ്ജ് പുലികുത്തിയിൽ

നിയമ സംസ്കാര കേന്ദ്രത്തിന്റെ
# ജനനീതി
വാല്യം : 10 ◆ ലക്കം : 5 ◆ മെയ് 2003 ◆ വരിസംഖ്യ– ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.




ഇനി ആരെങ്കിലും ഉണ്ടോ?

# പശ്ചിമേഷ്യൻ ഇടപെടലുകൾ – ചരിത്രം

**1920-1928** : പശ്ചിമേഷ്യയിലെ പ്രധാന വൻശക്തിയായിരുന്ന ബ്രിട്ടനെ ഒരു റെഡ് ലൈൻ എഗ്രിമെന്റിൽ ഒപ്പ് വയ്ക്കുന്നതിന് അമേരിക്ക പ്രേരിപ്പിച്ചു. ആ കരാർ പ്രകാരം ഒരു ശക്തിക്ക് ഒറ്റക്ക് എണ്ണ ഖനനം (മറ്റുവൻ ശക്തികളുടെ പങ്കാളിത്തം കൂടാതെ) ചെയ്യാൻ പാടുള്ളതല്ല. ഇറാക്ക് പെട്രോളിയം കമ്പനിയിൽ ഇതുവഴി സ്റ്റാൻഡേർഡ് ഓയലിനും മൊബിലിനും ഷെയറുകൾ ലഭിച്ചു.

**1944** : അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് രേഖയിൽ പശ്ചിമേഷ്യൻ എണ്ണയെ "നയതന്ത്രശക്തിയുടെ അനന്തമായ വിഭവമായും ലോകചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭൗതിക സമ്മാനമായും" വിശേഷിപ്പിച്ചു. പശ്ചിമേഷ്യൻ എണ്ണക്ക് മേലുള്ള നിയന്ത്രണത്തെക്കുറിച്ചുള്ള അമേരിക്കൻ ബ്രിട്ടീഷ് ചർച്ചയിൽ പ്രസിഡന്റ് റൂസ്‌വെൽറ്റ് ബ്രിട്ടീഷ് അമ്പാസിഡറോട് ഇങ്ങനെ പറഞ്ഞു: "പേർഷ്യൻ എണ്ണ നിങ്ങളുടേതാണ്. ഇറാക്കിലെയും കുവൈറ്റിലേയും എണ്ണയെ നമുക്ക് പങ്കിട്ടെടുക്കാം. സൗദ്യ അറേബ്യയിലെ എണ്ണ ഞങ്ങളെടുക്കും" 1944 ആഗസ്റ്റ് 8ന് പശ്ചിമേഷ്യൻ എണ്ണയെ ബ്രിട്ടനും അമേരിക്കയ്ക്കുമായി വിഭജിച്ചുകൊണ്ടുള്ള ആംഗ്ലോ അമേരിക്കൻ പെട്രോളിയം കരാർ ഒപ്പുവച്ചു. 1948നും 1960നുമിടക്ക് പശ്ചിമേഷ്യൻ എണ്ണയുടെ ശുദ്ധീകരണത്തിൽ നിന്നും ഉൽപാദനത്തിൽ നിന്നുമായി 12.8 ബില്യൻ ഡോളറിന്റെ ലാഭം സാമ്രാജ്യത്വശക്തികൾ നേടിയെടുത്തു.

**1958** : ഐക്യ അറബ് റിപ്പബ്ലിക്കായി ഈജിപ്റ്റിന്റേയും സിറിയയുടേയും ലയനം, അമേരിക്കൻ ആഭിമുഖ്യമുള്ള ഇറാക്കിലെ ഫൈസൽ രണ്ടാമൻ രാജാവിനു നേരെ ദേശീയ സൈന്യം നടത്തിയ അട്ടിമറി, ലെബനോനിൽ ഗവൺമെന്റിനെതിരേയും അമേരിക്കക്കെതിരേയും നടന്ന കലാപങ്ങൾ ഇവയെല്ലാം 70 നാവിക കപ്പലുകളേയും നൂറുകണക്കിന് സൈനിക

വിമാനങ്ങളേയും പതിനാലായിരത്തിൽപരം വരുന്ന നാവിക സൈനികരേയും 'സ്ഥിരത' നിലനിർത്തുന്നതിനായി ലെബനോണിലേയ്ക്കയക്കാൻ അമേരിക്കയെ പ്രേരിപ്പിച്ചു. ലെബനീസ് സൈന്യം ചെറുക്കുകയാണെങ്കിൽ അണ്വായുധം പ്രയോഗിക്കുമെന്ന് അമേരിക്ക ഭീഷണിപ്പെടുത്തി. കുവൈറ്റിന്റെ എണ്ണപ്പാടങ്ങളിലേക്കുള്ള ഇറാക്കിന്റെ നീക്കം തടയുന്നതിനായി ഇറാക്കിനേയും തുർക്കിയേയും ഒന്നിച്ചുകീഴ്പ്പെടുത്തുവാനുള്ള രഹസ്യനീക്കത്തിന് അമേരിക്ക പദ്ധതിയുണ്ടാക്കി. എന്നാൽ സോവിയറ്റ് ഇടപെടലിന്റെ ഭീഷണിയെതുടർന്ന് ഈ പദ്ധതി മാറ്റിവെയ്ക്കപ്പെട്ടു.

**1960** : ഇറാക്കിലധികാരമേറ്റ സോവിയറ്റ് ബന്ധമുള്ള അബ്ദുൾ കരീം ഖാസീം സർക്കാരിനെ അട്ടിമറിക്കാനായി കുർദ്ദ് റിബലുകളെ അമേരിക്ക ഇളക്കി വിട്ടു. അബ്ദുൾ കരീം ഖാസിമിനെ വധിക്കാനുള്ള നീക്കം പരാജയപ്പെട്ടതിനെ തുടർന്നാണിത്.

**1963** : ഖാസിം ഭരണത്തെ അട്ടിമറിച്ച് ബാത്ത് പാർട്ടിയെ അമേരിക്ക അധികാരത്തിലേറ്റി.

**1973-75** : അപ്പോഴേക്കും സോവിയറ്റ് അനുകൂലികളായി മാറിയ ഇറാക്കി ഭരണത്തിനെതിരെ അമേരിക്ക കുർദ്ദ് റിബലുകളെ പിന്തുണച്ചു.

**1979** : എണ്ണയുടെ സുഗമമായ ഒഴുക്കിനുവേണ്ടി അമേരിക്ക യുദ്ധം ചെയ്യുമെന്ന് പ്രസിഡന്റ് ജിമ്മി കാർട്ടർ പ്രഖ്യാപിച്ചു.

**1980** സെപ്റ്റംബർ : അമേരിക്കൻ പിന്തുണയോടെ ഇറാക്ക് ഇറാനെ കടന്നാക്രമിച്ചു. എട്ട് കൊല്ലം നീണ്ടുനിന്ന യുദ്ധത്തിൽ അമേരിക്ക പലപ്പോഴായി രണ്ടുരാജ്യങ്ങളേയും സഹായിച്ചു.

**1988** : വടക്കൻ ഇറാക്കിലെ കുർദ്ദ് ഗ്രാമങ്ങൾക്ക് നേരെ ഇറാക്കി ഭരണകൂടം വിഷവാതകം പ്രയോഗിച്ചു. ഇത് അഗാധമായ ഒരു നയതന്ത്രപ്രശ്നമല്ലെന്ന് അമേരിക്ക പ്രഖ്യാപിച്ചു.

**1988** ജൂലൈ : ഇറാൻ-ഇറാക്ക് യുദ്ധം ആരും ജയിക്കാതെ അവസാനിച്ചു. പത്ത് ലക്ഷത്തോളം ആളുകൾ ഇരുവശത്തുമായി കൊല്ലപ്പെട്ടു.

**1990** ജൂലൈ : തന്നെ സന്ദർശിച്ച അമേരിക്കൻ അമ്പാസിഡറോട് കുവൈറ്റിനെ ആക്രമിക്കാനുള്ള തീരുമാനം സദ്ദാം അറിയിക്കുന്നു. അറബികൾ തമ്മിലുള്ള സംഘർഷങ്ങളിൽ തങ്ങൾക്ക് ഒരു തീരുമാനവും ഇല്ലെന്ന് അമ്പാസിഡർ അറിയിച്ചു.

**1990** ആഗസ്റ്റ് : ഇറാക്ക് കുവൈറ്റിനെ കടന്നാക്രമിക്കുന്നു. അമേരിക്ക ഇറാക്കിനെതിരെ ഇടപെടുന്നു.

**1991** ജനുവരി : അമേരിക്ക നയിക്കുന്ന സൈനിക സഖ്യം 'ഓപ്പറേഷൻ ഡസർട്ട് സ്റ്റോം' പ്രഖ്യാപിക്കുന്നു. 42 ദിവസത്തിനുള്ളിൽ അവർ 2000 ടൺ ബോംബുകൾ ഇറാക്കിൽ വർഷിച്ചു.

**1991** ഫെബ്രുവരി 22 : അമേരിക്കൻ സൈനിക സഖ്യം 100 മണിക്കൂർ നീണ്ടുനിന്ന കരയുദ്ധം ആരംഭിക്കുന്നു. രണ്ടുലക്ഷത്തോളം ഇറാക്കികൾ കൊല്ലപ്പെട്ടു.

**1991** : ദക്ഷിണ ഇറാക്കിലെ ഷിയാകളും ഇറാക്കിലെ കുർദ്ദുകളും സദ്ദാമിനെതിരെ അമേരിക്കൻ പിന്തുണ പ്രതീക്ഷിച്ച് കലാപമുയർത്തുന്നു. അമേരിക്ക പിന്തുണ കൊടുക്കുന്നില്ല.

**1991** : യു. എൻ. ആഭിമുഖ്യത്തിലുള്ള വെടിനിർത്തലിന് ഇറാക്ക് തയ്യാറാണെന്ന് അറിയിക്കുന്നു. അമേരിക്കയും ബ്രിട്ടണും നിരായുധീകരണത്തിനായി ശാഠ്യം പിടിക്കുന്നു.

**1991** :ഇന്നുവരെ അമേരിക്കൻ സൈനിക വിഭാഗം യുദ്ധത്തിനുശേഷവും പേർഷ്യൻ ഉൾക്കടലിൽ തുടരുന്നു.

**1995** :വടക്കൻ ഇറാക്കിലെ കുർദ്ദുകൾക്കെതിരെ അമേരിക്കൻ സഹായത്തോടെ തുർക്കി സൈനികനീക്കം നടത്തുന്നു.

**1998** :അമേരിക്കൻ കോൺഗ്രസ്സ് 'ഇറാക്ക് സ്വാതന്ത്ര്യനിയമം' പ്രഖ്യാപിക്കുന്നു. ഇതനുസരിച്ച് സദ്ദാം ഭരണകൂടത്തെ അട്ടിമറിക്കാൻ തുനിയുന്ന ഗ്രൂപ്പുകൾക്ക് 100 കോടി ഡോളർ വാഗ്ദാനം ചെയ്യുന്നു.

**1998** ഡിസംബർ 11-18 : അമേരിക്കയും ബ്രിട്ടണും 'ഓപ്പറേഷൻ ഡെസേർട്ട് ഫോർസ്'ആരംഭിക്കുന്നു. ഇറാക്കിനെതിരെ ന്യൂക്ലിയർ-രാസ-ജൈവായുധങ്ങളെ ഉന്നം വയ്ക്കുന്ന ഈ ഓപ്പറേഷനുശേഷം എല്ലാ ദിവസവും അമേരിക്ക-ബ്രിട്ടീഷ് വിമാനങ്ങൾ ഇറാക്കിൽ ബോംബുകളും മിസൈലുകളും വർഷിക്കുന്നു.

**2001** ജനുവരി : ഇറാക്കിനുമുകളിലുള്ള അമേരിക്കൻ കടന്നാക്രമണത്തിന്റെ 10-ാം വാർഷികം. യു.എൻ. ഉപരോധം. യു.എൻ. കണക്കുപ്രകാരം ഓരോ മാസവും 4500 കുട്ടികൾ രോഗം മൂലമോ പോഷകാഹാരക്കുറവുമൂലമോ മരിക്കുന്നു.

**2003** മാർച്ച് : ഇറാക്കിനുമേൽ വീണ്ടുമൊരു കടന്നാക്രമണം. ■

# യുദ്ധാനന്തരം

**കെ. ആർ. ഇന്ദിര**

**ഏ**തുവിഷയത്തെക്കുറിച്ച് പ്രതിപാദിയ്ക്കുമ്പോഴും അന്യാപദേശ കഥകൾ ഒട്ടുവളരെ പറയാനുണ്ട് നമുക്ക്. അമേരിയ്ക്ക ഇറാക്കിനെ ആക്രമിച്ചതിനെക്കുറിച്ചാവുമ്പോഴും അങ്ങനെത്തന്നെ. അത്തരം കഥകളൊന്നും പറയാതെ ഒരമേരിയ്ക്കൻ ചിത്രം ഓർമ്മിപ്പിയ്ക്കട്ടെ. ചാർളിചാപ്ലിന്റെ ദ കിഡ് എന്ന ചെറുസിനിമ. അതിൽ ചാപ്ലിനും പിന്നെയൊരു കുട്ടിയും കൂടി ജീവിയ്ക്കുന്നതെങ്ങനെ? അവർക്ക് തൊഴിലും കാശും റൊട്ടിയും അവർ ഉണ്ടാക്കുന്നു. എങ്ങനെയെന്നാൽ, കുട്ടി മുന്നേ നടക്കുന്നു; കൊള്ളാവുന്ന ഏതെങ്കിലും വീടിന്റെ ജനൽച്ചില്ല് എറിഞ്ഞുടയ്ക്കുന്നു. പിറകെ വരുന്ന ചാപ്ലിൻ വിളിച്ചു ചോദിയ്ക്കുന്നു. 'ജനൽനന്നാക്കാനുണ്ടോ'? വീട്ടുകാരൻ ജനൽ നന്നാക്കിയ്ക്കുന്നു. കാശുകൊടുക്കുന്നു. അവർ ആ കാശുകൊണ്ട് ഭക്ഷണം കഴിയ്ക്കുന്നു.

ആ കുട്ടിയെക്കൊണ്ട് എറിയിച്ച കല്ലാണ് ഇറാക്കിൽ വീണ ബോമ്പുകൾ. ജനൽച്ചില്ല് തകർന്നു കഴിഞ്ഞു. ഇനി പിറകെ വിളിപോലും വരേണ്ടതില്ല. അതും നിശ്ചയിച്ചു കഴിഞ്ഞു നേരത്തെ. യുദ്ധമവസാനിപ്പിച്ച് അമേരിക്ക പുനഃസൃഷ്ടി തുടങ്ങുകയായല്ലൊ. ഇപ്രകാരം അമേരിക്ക എന്ന ബുദ്ധിമാൻ സ്വന്തം അന്നവും സമ്പാദ്യവും നേടിക്കൊണ്ടിരിയ്ക്കുന്നു. പെട്രോഡോളറിലൂടെ.

ഈ ശക്തന്റെ ഹിംസയ്ക്കെതിരെ ലോകരാഷ്ട്രങ്ങളുടെ അണിനിരക്കലോ അറബ് രാജ്യങ്ങളുടെ മുന്നേറ്റമോ ഒന്നും ഉണ്ടായില്ല. എല്ലാ രാജ്യങ്ങളും സ്വന്തം വേലിപ്പുറത്തെ അഭിപ്രായങ്ങളുമായി നിന്നതേയുള്ളൂ. എല്ലാവർക്കും വീണ്ടുവിചാരമുണ്ട്. നാളെയ്ക്ക് ഇന്നലെ ഒരു തടസ്സമാവരുത് എന്നവർക്കറിയാം. അതല്ലെങ്കിൽപ്പോലും പുരകത്തുമ്പോൾ വാഴ വെട്ടുകതന്നെ ചെയ്തവരാണ് എല്ലാവരും. നമ്മളോ?

മദ്ധ്യേഷ്യൻ രാജ്യങ്ങളിലെ പെട്രോളിയം സമ്പത്തിനെപ്പോലെ അമൂല്യമായ ചില സമ്പത്തുകൾ ഇന്ത്യയിലും ഉണ്ട് എന്ന കാര്യം നമ്മെ ഭീതിപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ ജനിതകസമ്പത്ത്, സാംസ്കാരിക സമ്പത്ത്. നിരവധി വൈവിദ്ധ്യങ്ങൾ - അവ നമ്മെ അനന്യമായ ഒരു പ്രതിഭാസമാക്കുന്നുണ്ട് എന്നതാണ് സത്യം. അങ്ങനെയുള്ളൊരു ദേശത്തെ കാൽച്ചുവട്ടിലാക്കുന്നത് ലാഭകരം തന്നെ. മാത്രമല്ല ലോകത്തെ മൊത്തം ജനസംഖ്യയുടെ 20% ഇന്ത്യയിലാ

ണുതാനും. നല്ലൊരു ചന്ത കച്ചവടത്തിനു കിട്ടാനുള്ള ഉപാധിയായിക്കൂടെ ഇവിടെ ഇട പെടാതിരിയ്ക്കുക എന്നത്!

നാളെ ഇന്ത്യാപാക് അതിർത്തിയിൽ അമേരിക്കൻ ഭടൻമാർ പറന്നിറങ്ങുമ്പോൾ അവർ എന്തെങ്കിലും ന്യായം പറഞ്ഞേയ്ക്കാം. പാക് അധീനകാശ്മീരും പിന്നെ കുറെ പ്രദേശവും പാകിസ്ഥാന് നേടിക്കൊടുത്തേയ്ക്കാം. സിന്ധു നദിയുടെ ഉത്ഭവപ്രദേശം മുഴുവൻ പാക്കിസ്ഥാന്റെ കൈവശമായി മാറാം. K2 കൊടുമുടി പാകിസ്ഥാന് കൊടുക്കേണ്ടിവന്നേയ്ക്കാം. ഹിമാലയൻ പർവ്വതനിരകളിൽ പാകിസ്ഥാന്റെ സൈനികകേന്ദ്രങ്ങളും മിസ്സൈലുകളും ഇന്ത്യൻ താഴ്‌വരകളിലേയ്ക്ക് തുറുകണ്ണുകൾ തുറന്നേയ്ക്കാം. സത്‌ലജിലൂടെയും ഗംഗയുടെ ഹിമാലയൻ ഉറവുകളിലൂടെയും നിരങ്ങിയിറങ്ങി ഉരുകി വരുന്ന വൻ ഹിമശേഖരം നമുക്കന്യമായി മാറിയേക്കാം. കാശ്മീരശേഖരം നമുക്ക് കിനാവായി മാറാം. പാകിസ്ഥാന് കൈമാറ്റം ചെയ്തു കൊടുക്കുന്നതാണോ അതോ ഇന്ത്യയുടെ കൈവശം നില നിർത്തിത്തരുന്നതാണോ അമേരിയ്ക്കക്ക് ഗുണകരം എന്നറിഞ്ഞുകൂടാ.

സാധാരണക്കാരുടെ പരിമിതമായ അറിവുകളുടെ അടിസ്ഥാനത്തിലുള്ള ഇത്തരം വിലയിരുത്തലുകൾ സത്യത്തിൽ നിന്നും വളരെ അകന്നാണോ നിൽക്കുന്നത് എന്നറിയില്ല. വിശ്വസിയ്ക്കാൻ കൊള്ളാത്ത രാഷ്ട്രീയ നേതൃത്വവും ട്രാൻസ്പാരന്റ് അല്ലാത്ത സൈനികനേതൃത്വവും നമ്മെ അജ്ഞതയുടെയും ആശങ്കയുടെയും മുൾമുനയിൽ നിർത്തുകയാണ്.

ദരിദ്രവാസികളുടെ ബൃഹദ്കോളനി എന്നോ ചേരി എന്നോ കരുതി ഈ മഹാരാജ്യത്തെ വെറുതെ വിടാൻ അമേരിക്കയ്ക്ക് തോന്നിയാൽ രക്ഷ. അഥവാ ഇന്ത്യാപാക്യുദ്ധം സംഭവിയ്ക്കുകയാണെങ്കിൽ നീതിയുടെയും ന്യായത്തിന്റേയും പക്ഷത്ത് അണിനിരക്കാൻ ലോകരാഷ്ട്രങ്ങളെ കണ്ടേക്കില്ല എന്ന് സമീപകാല യുദ്ധചരിത്രം നമുക്ക് കാട്ടിത്തരുന്നു. സൂക്ഷിയ്ക്കുക.

ബ്രിട്ടീഷ് ദ്വീപുകളിലെ കടൽക്കൊള്ളക്കാർ കപ്പലോട്ടിയെത്തി ഒരു വൻകര മുഴുവൻ കീഴടക്കിയ ചരിത്രമാണല്ലോ അമേരിക്കയുടേത്. അവിടത്തെ റെഡ് ഇന്ത്യാക്കാരുടെ വംശഹത്യ, മോൾ ഫ്ളാന്റേഴ്സ് മോഡലിലുള്ള ബ്രിട്ടീഷ്കാരുടെ രൂപാന്തരണം തുടങ്ങിയവയൊന്നും അനതി വിദൂര ഭൂതകാലത്തിലല്ല നടന്നത്. അവർക്ക് അതിൽ നിന്ന് ഇനിയും മുന്നോട്ടുപോവേണ്ട കാര്യവുമില്ല. കാരണം ലോകം അവർക്കു വേണ്ടി നിശ്ചലമായി നില്ക്കുന്നു. അവർ ഇപ്പോഴും മുൻനിരയിൽ തുടരുന്നു. കഷ്ടം! ■



# എന്തുകൊണ്ട് ഞാൻ മന്ത്രിസഭ വിട്ടു?

## റോബിൻ കുക്ക്

**മാർച്ച് 19, 2003**

**ലേ**ബർ പാർട്ടിയുടെ വിദേശനയത്തിൽ നിന്ന് മന്ത്രിസഭ വ്യതിചലിച്ചു എന്നു വിശ്വസിക്കുന്നതുകൊണ്ടാണ് ഞാൻ രാജിവെയ്ക്കുന്നത്. നിയമങ്ങളേയും സ്ഥാപനങ്ങളേയും അടിസ്ഥാനപ്പെടുത്തിയുള്ള അന്താരാഷ്ട്ര സമൂഹത്തിൽ നാം വിശ്വസിക്കുന്നുണ്ടെങ്കിൽ, അവ നമുക്ക് അസൗകര്യമാവുന്ന സന്ദർഭത്തിൽ നാം അവയെ വലിച്ചെറിയാൻ പാടുള്ളതല്ല. ആഭ്യന്തരവും അന്താരാഷ്ട്രീയവുമായ സമ്മതിയില്ലാത്ത ഒരു യുദ്ധത്തെ എനിക്ക് ന്യായീകരിക്കാനാവില്ല. ഫ്രാൻസ് നമ്മെ എതിർക്കുന്നു. ജർമ്മനി നമ്മെ എതിർക്കുന്നു. റഷ്യയും നമുക്കെതിരാണ്. അതുകൊണ്ട് ഒരു രണ്ടാം പരിഹാരത്തിനുള്ള അവസാന ശ്രമമെങ്കിലും നാം നടത്തേണ്ടതായിരുന്നു. ബ്രിട്ടൺ ഒരു പ്രമുഖ അംഗമായ അന്താരാഷ്ട്ര സംഘടനകൾ എല്ലാം തന്നെ നമുക്ക് അനുകൂലമല്ല എന്നത് ഒരു കടുത്ത യഥാർത്ഥ്യമാണ്. നാറ്റോ ആയാലും യുറോപ്യൻ യൂണിയനായാലും ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയായാലും ഒരു നയപരമായ ഒറ്റപ്പെടൽ എന്നത് ഒരു ഗുരുതരാവസ്ഥയാണ്. ബ്രിട്ടൺ ഒരു വൻശക്തിയല്ല. നമ്മുടെ താല്പര്യങ്ങൾ ഇത്തരമൊരു ഏകപക്ഷീയ നടപടിയാലല്ല മറിച്ച് നിയമസാധുതയുള്ള ഒരു ലോകസമ്മതിയാൽ മാത്രമാണ് സംരക്ഷിക്കപ്പെടുക. എന്നിട്ടുപോലും നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള അന്താരാഷ്ട്രസഖ്യങ്ങൾ ഈ രാത്രിയോടെ ദുർബ്ബലമാക്കപ്പെട്ടിരിക്കുന്നു. യുറോപ്യൻ യൂണിയൻ പിളർന്നു. രക്ഷാസമിതി ഒരു നോക്കുകുത്തിയായിരിക്കുന്നു. ഒരു വെടിയുണ്ട ഉതിർക്കും മുൻപേ ഈ യുദ്ധത്തിന് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടായിരുന്നു. ഇറാക്കിനുമേൽ വരാൻ പോകുന്ന യുദ്ധാഘാതത്തിൽ എത്ര സാധാരണ പൗരൻമാർ മരിക്കും എന്ന് നമുക്കാർക്കും പ്രവചിക്കാനാവില്ല. കഴിഞ്ഞ ഗൾഫുയുദ്ധത്തിനു ശേഷം ഇറാക്കിന്റെ സൈനിക ശക്തി നേർപകുതിയായി കുറഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ ദിവസങ്ങളിൽ യുദ്ധമെന്നത് അധാർമ്മികമാണ്. ഇരുപത് വർഷം മുൻപ് നമ്മൾ തന്നെ ഉണ്ടാക്കിക്കൊടുത്ത ഒരു സൈനിക ശക്തിയെ ഇല്ലായ്മചെയ്യുന്നതിനായി ഉടൻ കടന്നാക്രമണം എന്തുകൊണ്ടാണ് അത്യാവശ്യമായിരിക്കുന്നത്? ആയുധപരിശോധന നടത്തുന്ന ഈ സന്ദർഭത്തിൽ തന്നെ ഇറാക്കിനെ ആക്രമിക്കുന്നതെന്തിനാണ്? ഇറാക്കിനെ നിരായുധീകരിക്കാൻ പന്ത്രണ്ടു വർഷങ്ങൾ നൽകിയെന്നും നമ്മുടെ ക്ഷമ അതിനാൽ നശിച്ചെന്നും പറയപ്പെടുന്നത് ഞാൻ കേൾക്കുന്നു. എന്നാൽ അധിനിവേശ പ്രദേശങ്ങളിൽ നിന്ന് പിൻമാറാൻ ഇസ്രായേലിനോട് ആവശ്യപ്പെടുന്ന 242-ാം ഭേദഗതി നിലവിൽ വന്നിട്ട് മുപ്പതുവർഷങ്ങൾ കഴിഞ്ഞു. എന്തുകൊണ്ട് നമ്മുടെ അക്ഷമ ഇക്കാര്യത്തിൽ പ്രകടിപ്പിക്കുന്നില്ല. ഫ്ളോറിഡയിലെ കള്ളവോട്ടുകൾക്ക് അൽഗോറിനെ പുറത്താക്കാൻ കഴിഞ്ഞതുകൊണ്ടുമാത്രമാണ് ഇറാക്ക് കടന്നാക്രമിക്കാനുള്ള പ്രതിബദ്ധത ബ്രിട്ടീഷ് സൈന്യം നടത്തുന്നത്. ഞാൻ ബ്രിട്ടീഷ് ജനതയിൽ വിശ്വസിക്കുന്നു. സദ്ദാം ഹുസൈൻ ഇക്കാലത്ത് ബ്രിട്ടന് ഒരു ശക്തനായ എതിരാളിയാണെന്ന് ജനങ്ങൾ വിശ്വസിക്കുന്നില്ല. ആയുധപരിശോധനക്ക് ഒരവസരം കൂടി നൽകണമെന്ന് അവർ ആഗ്രഹിക്കുന്നു. സ്വന്തമായി അജണ്ടയുള്ള അമേരിക്കൻ ഭരണകൂടമാണ് ബ്രിട്ടനെ കൂടി യുദ്ധത്തിലേക്ക് വലിച്ചിഴച്ചതെന്ന് അവർ വിശ്വസിക്കുന്നു. ബ്രിട്ടീഷ് രാഷ്ട്രീയത്തിൽ പാർലമെന്റിന് അതിന്റെ കേന്ദ്രസ്ഥാനം നഷ്ടപ്പെട്ടതായി രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു. ■

*(യുദ്ധം പ്രഖ്യാപിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ബ്രിട്ടീഷ് മന്ത്രിസഭയിൽ നിന്ന് വിദേശകാര്യമന്ത്രിസ്ഥാനം രാജിവെച്ച റോബിൻ കുക്കിന്റെ രാജിക്കത്ത്)*

# അമേരിക്ക

## സാമ്രാജ്യത്വ യന്ത്രം – അകവും പുറവും

**അരുന്ധതി റോയ്**

ഇറാക്കിന്റെ എണ്ണസമ്പത്ത് ഇറാഖി ജനതയ്ക്കു നല്കുക എന്നതാണ് 'ഓപ്പറേഷൻ ഇറാഖി ഫ്രീഡം' കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ടോണി ബ്ലെയർ പറയുന്നു. അതായത് ഇറാഖിന്റെ എണ്ണ ഷെൽ ഷെവ്റോൺ, ഹാല്ലിബർട്ടൺ തുടങ്ങിയ ബഹുരാഷ്ട്ര കുത്തകകൾ വഴി ഇറാഖികൾക്കും നൽകും. അതോ നാമറിയാത്ത ചില കാര്യങ്ങളുണ്ടായിരിക്കുമോ? ഹാല്ലിബർട്ടൺ ഒരു ഇറാഖി കമ്പനിയാണെന്നു വരുമോ? ഒരു വേള യു. എസ്. വൈസ് പ്രസിഡന്റ് ഡിക് ചെനി (ഹാല്ലിബർട്ടൺന്റെ മുൻ ഡയറക്ടർ) ഒരു പ്രച്ഛന്ന ഇറാഖിയാണെന്നു വരുമോ?

അമേരിക്കയും യുറോപ്പും തമ്മിലെ സംഘർഷം മൂർച്ഛിക്കുമ്പോൾ, ലോകം സാമ്പത്തിക ബഹിഷ്കരണങ്ങളുടേതായ ഒരു പുതുകാലത്തിലേയ്ക്ക് ചെന്നുചേരുകയാണ്. 'ഞങ്ങൾക്കു നിങ്ങളുടെ വൈൻ വേണ്ട' എന്നു പ്രഖ്യാപിച്ച് അമേരിക്കക്കാർ ഫ്രഞ്ച് വൈൻപാട്ടകൾ ഓടയിൽ ചെരിക്കുകയാണെന്ന് CNN റിപ്പോർട്ട് ചെയ്യുന്നു. ജർമ്മൻ വിഭവങ്ങളും അമേരിക്കകാർ ബഹിഷ്ക്കരിക്കുന്നു എന്ന് വാർത്തകളുണ്ട്. യുദ്ധത്തിന്റെ അനന്തരഫലങ്ങളുടെ ഗതി ഇത്തരത്തിലാണെങ്കിൽ ഏറ്റവും കുടുതലനുഭവിക്കുക അമേരിക്കയായിരിക്കും. അതിന്റെ രാഷ്ട്രാതിർത്തികളെ അതിർത്തി കാവലുകളാലും ആണവായുധങ്ങളാലും സംരക്ഷിക്കുവാനായേക്കും. എന്നാൽ സാമ്പത്തികതയോ? ലോകമെമ്പാടും പരന്നുകിടക്കുന്നതാണത്. എല്ലാ ദിശകളിൽ നിന്നും ആക്രമണം പ്രതീക്ഷിക്കാവുന്ന തരത്തിൽ അതിന്റെ അതിരുകൾ തുറന്നു കിടക്കുകയാണ്. ഒഴിവാക്കപ്പെടേണ്ട അമേരിക്കൻ-ബ്രിട്ടീഷ് വിഭവങ്ങളുടേയും കമ്പനികളുടേയും ലിസ്റ്റുകൾ ഇന്റർനെറ്റിൽ പ്രത്യക്ഷപ്പെടുന്നു. കോക്, പെപ്സി, മക് ഡൊണാൾഡ്സ് തുടങ്ങിയ സ്ഥിരം വിഭവങ്ങൾക്കു പുറമേ USAID, അന്താരാഷ്ട്ര വികസനത്തിനായുള്ള ബ്രിട്ടീഷ് വിഭാഗം, ബ്രിട്ടീഷ് അമേരിക്കൻ ബാങ്കുകൾ, ആർതർ ആൻഡേഴ്സൺ, മെറിൽലിൻച് , അമേരിക്കൻ എക്സ്പ്രസ്, തുടങ്ങിയ സർക്കാർ ഏജൻസികളും ബെക്ടെൽ, ജെനറൽ ഇലക്ട്രിക് തുടങ്ങിയ കോർപറേഷനുകളും റീബോക്, നൈക്, ഗേപ് തുടങ്ങിയ കമ്പനികളും ഉപരോധിക്കപ്പെടേണ്ടവയിൽ പെടുന്നു. ഈ പട്ടിക അനുദിനം പുതുക്കപ്പെടുന്നു. ലോകമെമ്പാടും അമേരിയ്ക്കെതിരായി ഇരമ്പുന്ന രോഷത്തിന്റെ സൂചനയായി ഇവയെ ഗണിക്കാവുന്നതാണ്.

ഭീകരതയ്ക്കെതിരായ യുദ്ധം യഥാർത്ഥത്തിൽ ഭീകരതയ്ക്കെതിരായ യുദ്ധമല്ലെന്നു വ്യക്തമായിരിക്കുന്നു. ഇറാഖിനുമേലുള്ള യുദ്ധം എണ്ണയുമായി ബന്ധപ്പെട്ടതു മാത്രമല്ല. സർവ്വാധിപത്യവും കടുംപിടുത്തവും ആഗോളാധിപത്യവും നേടുന്നതിനുള്ള ഒരു വൻശക്തിയുടെ സ്വയം നശീകരണ ത്വരയാണതിൽ കാണാനാവുന്നത്. ഒരേ പ്രക്രിയയാലാണ് അർജന്റീനിയൻ ജനതയെയും ഇറാഖികളെയും ഇല്ലായ്മ ചെയ്തത്. ആയുധങ്ങളിൽ മാത്രമേ മാറ്റമുള്ളു. ഒന്നിൽ അന്താരാഷ്ട്രനാണ്യനിധിയുടെ ചെക്ക് ബുക്ക്. മറ്റതിൽ ക്രൂയിസ് മിസൈലുകൾ.

സദ്ദാമിന്റെ സർവ്വസംഹാരശേഷിയുള്ള ആയുധങ്ങളെക്കുറിച്ചും പറയണം. സദ്ദാമിന്റെ കൈവശം സർവ്വസംഹാരശേഷിയുള്ള ആയുധങ്ങളുണ്ടെങ്കിൽ, അവ ഉപയോഗിച്ചില്ല എന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇറാഖിന് ഇന്നു നേരിടേണ്ടിവന്ന തരത്തിലുള്ള ഒരു സാഹചര്യം അമേരിക്കയ്ക്കാണുണ്ടാവുന്നതെങ്കിൽ, ഇത്തരമൊരുത്തരവാദിത്തവും മനോബലവും ബുഷ് ഭരണകൂടത്തിൽ നിന്നും പ്രതീക്ഷിക്കാനാവുമോ? അവരുടെ ആയിരക്കണക്കിനു വരുന്ന ആണവായുധങ്ങൾ ഉറപൊട്ടിക്കാതെ സൂക്ഷിക്കപ്പെടുമായിരുന്നോ? രാസ-ജൈവായുധങ്ങളോ? ആന്ത്രാക്സ്, വസൂരി തുടങ്ങിയവയുടെ വാതകങ്ങളോ?

ഈ യുദ്ധവേളയിൽ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ഒന്നുകിൽ സദ്ദാം അത്യന്തം ഉത്തരവാദിത്വമുള്ള ഒരേകാധിപതിയാണ്. അല്ലെങ്കിൽ, സർവ്വസംഹാരശേഷിയുള്ള ആയുധങ്ങൾ അയാളുടെ കൈവശമില്ല. രണ്ടായാലും അമേരിക്കൻ ഭരണകൂടത്തിനെക്കാൾ സുഗന്ധമുളവാക്കികൊണ്ട് ഇറാഖ് ആരോപണങ്ങളിൽ നിന്നും പുറത്തുവരുന്നു.

ഇതാണ് ഇറാഖ്-തെമ്മാടി രാഷ്ട്രം, ലോകസമാധാനത്തിന് ഭീഷണി, പൈശാചികതയുടെ അച്ചുതണ്ടിലെ ഒരംഗം. ഇതാണ് ഇറാഖ് - ആക്രമിക്കപ്പെട്ട, ബോംബുവർഷിക്കപ്പെട്ട, അധിനിവേശിതമായ, അടിച്ചമർത്തപ്പെട്ട, പരമാധികാരം തച്ചുതകർക്കപ്പെട്ട, കുഞ്ഞുങ്ങൾ കാൻസർ മൂലം മരണപ്പെടുന്ന, തെരുവുകളിൽ തുരത്തപ്പെടുന്ന ജനതകളുള്ള, ഇറാഖ്. ഇവിടെ നാമെല്ലാം വീക്ഷിക്കുന്നു. CNN - BBC, BBC-CNN രാവേറുവോളവും നാമതു വീക്ഷിക്കുന്നു. നാമിവിടെയുണ്ട്. യുദ്ധത്തിന്റെ ഭീകരത മനസ്സിലാക്കികൊണ്ട്. പ്രചരണങ്ങളുടെ ഭീകരത മനസ്സിലാക്കികൊണ്ട്. നാമറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന ഭാഷയുടെ സംഹാരകത്വം മനസ്സിലാക്കിക്കൊണ്ട്. സ്വാതന്ത്ര്യത്തിന്റെ സമകാലികാർത്ഥം കൂട്ടക്കുരുതിയെന്നാണ് (അമേരിക്കയിലെങ്കിൽ, വറുത്ത ഉരുളക്കിഴങ്ങ്). ആരെങ്കിലും മനുഷ്യത്വപരമായ സഹായത്തെക്കുറിച്ചു പറഞ്ഞാൽ, നാം വളരെ പെട്ടെന്ന് അടിച്ചേല്പിക്കപ്പെട്ട പട്ടിണിയെ തിരയുന്നു.

ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും ഇറാഖിനുനേരെയുള്ള ആക്രമണത്തെ ഒരു വംശീയ യുദ്ധമായാണ് ഗണിക്കുന്നത്. വംശീയ സ്വഭാവമുള്ള ഭരണകൂടങ്ങൾ പടർത്തുന്ന വംശീയ യുദ്ധങ്ങളുടെ യഥാർത്ഥ പ്രശ്നം, അതെല്ലാവരിലും വംശീയത ആരോപിക്കും എന്നതാണ് - കയ്യേറ്റക്കാരിലും ഇരകളിലും കാഴ്ചക്കാരിലുമെല്ലാം. നിശ്ചയിക്കപ്പെട്ടതാണ് അതിൽ സംവാദത്തിന്റെ അതിരുകൾ. അത് ചിന്തയെ ഒരു പ്രത്യേക രീതിയിലാക്കിത്തീർക്കുന്നു. ലോകസംസ്കാരത്തിലെ പ്രാചീന ഹൃദയങ്ങളിൽ അമേരിക്കയ്ക്കെതിരെ വെറുപ്പിന്റെ തരംഗങ്ങളുയരുന്നു. ആഫ്രിക്കയിൽ, ലാറ്റിനമേരിക്കയിൽ, ഏഷ്യയിൽ, യൂറോപ്പിൽ ആസ്ട്രേലിയയിൽ. ഞാനത് എല്ലാ ദിവസവും നേരിടുന്നു. ചില നേരങ്ങളിൽ തീരെ പ്രതീക്ഷിക്കാത്ത സ്രോതസ്സുകളിൽ നിന്നുമാണവ ഉണരുക. അന്നേരങ്ങളിൽ സർക്കാരും ജനതയും വേറെയല്ലാതാവുന്നു. അന്നേരങ്ങളിൽ ദുഷ്ടന്മാരുടേയും കൊലപാതകികളുടെയും രാഷ്ട്രമായിത്തീരുന്നു, അമേരിക്ക. വംശീയാധിക്ഷേപത്തിന്റെ അമാന്യപ്രപഞ്ചത്തിൽ ബ്രിട്ടീഷുകാരും എത്തിപ്പെടുന്നു. ആസനം നക്കികൾ, അവരങ്ങിനെയാണറിയപ്പെടുന്നത്.

പക്ഷേ, അമേരിക്കൻ - ബ്രിട്ടീഷ് ജനതയെ ഇത്തരം സംബോധനകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്. തങ്ങളുടെ രാഷ്ട്രങ്ങൾ കുന്നുകൂട്ടുന്ന ആണവായുധങ്ങളിൽ പ്രതിഷേധിച്ച ലക്ഷക്കണക്കിന് അമേരിക്കൻ - ബ്രിട്ടീഷ് പൗരന്മാരെ നാം മറന്നുകൂടാ. വിയറ്റ്നാമിൽ നിന്നും പിൻവാങ്ങാൻ ഭരണകൂടത്തെ നിർബന്ധിച്ച ജനതയെയും. യു. എസ്. ഭരണകൂടത്തെക്കുറിച്ച് അവഗാഹവും ആഴവും പ്രസക്തവുമായ വിമർശനങ്ങൾ വരുന്നത് അമേരിക്കൻ പൗരന്മാരിൽ നിന്നു തന്നെയാണ്. ബ്രിട്ടീഷ് പ്രധാനമന്ത്രിയെക്കുറിച്ചുള്ള ഏറ്റവും രസകരവും കഠിനവുമായ വിമർശനങ്ങൾ വരുന്നത് ബ്രിട്ടീഷ് മാധ്യമങ്ങളിലാണ്. ഇപ്പോഴും അമേരിക്കയിലെയും

# കൊക്കകോളയ്ക്കെതിരെയുള്ള പ്ലാച്ചിമടയിലെ

# ഇറാക്ക് വിടുക

ബ്രിട്ടണിലേയും പൗരന്മാരിൽ ലക്ഷക്കണക്കിനുപേർ യുദ്ധവിരുദ്ധ പ്രകടനങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. സഖ്യം ഭരണകൂടങ്ങളുടേതാണ്. ജനങ്ങളുടേതല്ല. ആയിരങ്ങൾ അവിടങ്ങളിൽ തങ്ങളുടെത്തന്നെ സർക്കാരുകൾക്കെതിരെ അണിനിരക്കുന്നു. അമേരിക്കയിൽ നിലവിലുള്ള അതിദേശീയ വാദത്തിന്റെ സാഹചര്യത്തിൽ അത് സാഹസികം തന്നെ.

'സഖ്യസേന' മരുഭൂമിയിൽ ബസ്ര തെരുവുകളിൽ ഷിയ മുസ്ലീങ്ങളുടെ ഉത്ഥാനത്തിനായി കാത്തുനിൽക്കുമ്പോൾ, യഥാർത്ഥത്തിൽ ഉത്ഥാനങ്ങൾ നടക്കുന്നത് ലോകമെമ്പാടുമുള്ള നൂറുകണക്കിന് നഗരങ്ങളിലാണ്. പൊതുധാർമ്മികതയുടെ പ്രകാശനമാണ് കാണാനാവുന്നത്.

എല്ലാറ്റിലും പ്രധാനം അമേരിക്കയിലെ മഹാനഗരങ്ങളിൽ കാണാനായ യുദ്ധവിരുദ്ധ ജാഥകളാണ്. ഇന്ന് ലോകത്ത് അമേരിക്കൻ ഭരണകൂടത്തെക്കാൾ പ്രധാന്യവും ശക്തവുമായ ഒരേയൊരു സ്ഥാപനമേയുള്ളു. അമേരിക്കൻ പൊതുസമൂഹമാണത്. അമേരിക്കൻ പൗരന്മാർക്ക് വലിയൊരുത്തരവാദിത്തമാണിന്നുള്ളത്. ആ ഉത്തരവാദിത്തം അറിയുകയും അതിനനുസൃതമായി പ്രവർത്തിക്കുകയും ചെയ്യുന്ന അവരെ നാമെങ്ങനെ നമിക്കാതിരിക്കും? അവർ നമ്മുടെ സഖാക്കളാണ്, സുഹൃത്തുകൾ.

സദ്ദാമും പടിഞ്ഞാറൻ ഏഷ്യയിലേയും മദ്ധ്യേഷ്യയിലേയും ആഫ്രിക്കയിലേയും ലാറ്റിനമേരിക്കയിലെയും ഏകാധിപതികളും അവിടങ്ങളിലെ ജനങ്ങൾക്ക് ഒരു ഭീഷണി തന്നെയാണ്. അവരെ പ്രതിഷ്ഠിച്ചിരിക്കുന്നതും പിന്താങ്ങുന്നതും സാമ്പത്തികമായി സഹായിക്കുന്നതും യു.എസ്. ഭരണകൂടമാണ്. പൊതുസമൂഹത്തെ ശക്തമാക്കുകയല്ലാതെ ഇവരെ നേരിടുവാൻ മറ്റ് മാർഗ്ഗങ്ങളില്ല.

മാദ്ധ്യമങ്ങൾ എന്തുംപറയട്ടെ. ഈ തകരപ്പാട്ട ഏകാധിപതികളല്ല ലോകസമാധാനത്തിനു ഭീഷണി. ഏറ്റവും വലിയ ഭീഷണി യു.എസ്. ഭരണകൂടത്തിന്റെ രാഷ്ട്രീയ സാമ്പത്തിക യന്ത്രത്തെ മുന്നോട്ടു നയിക്കുന്നവരാണ്. ഇപ്പോൾ ജോർജ്ജ് ബുഷ്. ബുഷ് അത്യപകടകാരിയും ആത്മഹത്യാപരമായ രീതിയിൽ കാര്യങ്ങൾ ചെയ്യുന്നവനുമായ ഒരു പൈലറ്റാണ്. എന്നാൽ അയാൾ കൈകാര്യം ചെയ്യുന്ന യന്ത്രം അയാളേക്കാൾ അപകടകരമാണ്.

യുദ്ധങ്ങളിൽ ഒരാൾ തേടുക ഏറ്റവും അശക്തനായ ശത്രുവിനെയാണ്. ബുഷും ചെയ്തതതുതന്നെ. മറ്റേതൊരു യു.എസ്.

പേജ് 6 ➡

## യുദ്ധം അരുത്

**നോം ചോംസ്കി**

ചരിത്രത്തിലെ ഏറ്റവും ശക്തമായ രാഷ്ട്രം ആയുധബലം കൊണ്ട് ലോകത്തെ മുഴുവൻ നിയന്ത്രിക്കാനുള്ള അതിന്റെ ശ്രമം പ്രഖ്യാപിച്ചുകഴിഞ്ഞു. തങ്ങളുടെ വഴിമുടക്കുന്ന ആരേയും ഹിംസാത്മകമായി തുടച്ചുനീക്കാൻ കഴിയുമെന്ന് ബുഷും കൂട്ടാളികളും കരുതുന്നു. അതിന്റെ പ്രത്യാഘാതം ഇറാക്കിനും ലോകത്തിനൊട്ടാകെയും ദുരന്താത്മകമായിരിക്കും. ഒരു ഭീകര പ്രത്യാക്രമണത്തിന്റെ ചുഴലിയിൽ നിന്ന് എന്തെങ്കിലും കൊയ്തെടുക്കാൻ കഴിയുമെന്ന് അമേരിക്ക പ്രതീക്ഷിക്കുന്നു. അതുവഴി തങ്ങളുടെ അണ്വായുധ യുദ്ധത്തിന്റെ സാധ്യത വർദ്ധിപ്പിക്കാൻ കഴിയുമെന്നും ജോൺ ഐക്കൻബറി 'ഫോറിൻ അഫയേഴ്സിന്റെ' സെപ്റ്റംബർ ഒക്ടോബർ ലക്കത്തിലെഴുതിയ പോലെ "ബുഷും, ഡിക്ചെനിയും, ഡൊണാൾഡ് റംസ്ഫെൽഡും കൂട്ടാളികളും സാമ്രാജ്യത്വവെറിയോട് പ്രതിജ്ഞാബദ്ധരാണ്. യു. എസ്ന് എതിരാളികളില്ലാത്ത ഒരു ഏക ധ്രുവ ലോകത്തോടും അതിൽ ഒരു രാഷ്ട്രത്തിനോ സഖ്യത്തിനോ ആഗോളനേതാവെന്ന നിലയിലും സംരക്ഷകൻ എന്ന നിലയിലും നിയമനടത്തിപ്പുകാരനെന്ന നിലയിലും അമേരിക്കയെ ചോദ്യം ചെയ്യാനാവില്ല" പശ്ചിമേഷ്യയിൽ തങ്ങൾക്കിഷ്ടമുള്ള ഒരു ക്രമം നടപ്പിലാക്കുന്നതിനായി അവിടങ്ങളിലെ വിഭവത്തിനുമേലുള്ള നിയന്ത്രണവും സൈനിക അടിത്തറയും വികസിപ്പിക്കുകയെന്നത് അവരുടെ താല്പര്യമാണ്. യുദ്ധത്തിനുവേണ്ടിയുള്ള അമേരിക്കൻ ഭരണകൂടത്തിന്റെ പെരുമ്പറ മുഴങ്ങുന്നതിനു മുൻപു തന്നെ ഈ സാഹസികത പ്രതികാരത്തിനോ പ്രതിരോധത്തിനോ വേണ്ടി സർവ്വനാശകാരിയായ ആയുധോപയോഗത്തിലേക്കോ ഭീകരപ്രവർത്തനത്തിലേയ്ക്കോ നയിക്കുമെന്ന് അനേകം മുന്നറിയിപ്പുകൾ ഉണ്ടായിരുന്നു. ഇപ്പോൾ മുതൽ വാഷിങ്ങ്ടൺ ലോകത്തെ അപകടകരമായ ഒരു പാഠം പഠിപ്പിക്കുകയാണ്. 'നിങ്ങൾക്ക് ഞങ്ങളിൽ നിന്ന് രക്ഷ നേടണമെങ്കിൽ നിങ്ങൾ വടക്കൻ കൊറിയയെ അനുകരിക്കുകനന്ന്. അല്ലെങ്കിൽ ഞങ്ങൾ നിങ്ങളെ ഭസ്മമാക്കും'. അമേരിക്കൻ സാമ്രാജ്യത്വം അടിക്കാൻ തീരുമാനിച്ചാൽ തൊട്ടുമുന്നിൽ കിടക്കുന്നതിനെ എന്തുചെയ്യുമെന്ന് കാണിക്കുന്നതിനു കൂടി ഉദ്ദേശിച്ചാണ് ഇറാക്കുമായുള്ള യുദ്ധം നടത്തുന്നത് എന്ന് വിശ്വസിക്കാൻ ന്യായമുണ്ട്. രാജ്യങ്ങളുടെ സൈനികശക്തിയിലുള്ള ഗണ്യമായ അസാമാന്യത കണക്കിലെടുക്കുമ്പോൾ ഇതിനെ യുദ്ധമെന്ന് വിളിക്കുന്നത് ശരിയല്ലെങ്കിൽ പോലും.

നമ്മളിന്ന് സദ്ദാമിനെ നിലക്കു നിർത്തുന്നില്ലെങ്കിൽ അയാൾ നമ്മെ നശിപ്പിക്കുമെന്ന് വ്യാപകമായ പ്രചരണം നടക്കുന്നുണ്ട്. കഴിഞ്ഞ ഒക്ടോബറിൽ യു. എസ്. പാർലിമെന്റ് പ്രസിഡന്റിന് യുദ്ധനീക്കത്തിനുള്ള അധികാരം നൽകിയപ്പോൾ കാരണമായി പറഞ്ഞത് ഇതായിരുന്നു. "അമേരിക്കയുടെ ആഭ്യന്തര സുരക്ഷിതത്വത്തിനുനേരെ ഇറാക്ക് ഉയർത്തുന്ന നിരന്തര ഭീഷണിയെ ചെറുക്കുന്നതിനുവേണ്ടി". പക്ഷെ ഇറാക്കിന്റെ അയൽരാജ്യങ്ങളിലൊന്നും തന്നെ സദ്ദാമിനെക്കുറിച്ച് ഇത്രയും വ്യാകുലത പുലർത്തുന്നില്ല. ഈ ഭീകര കൊലയാളിയെ അവരൊന്നും ഇത്ര വെറുക്കുന്നുമില്ല. ഒരു പക്ഷെ ഇറാക്കിലെ ജനങ്ങൾ ഒരു അതിജീവനത്തിന്റെ വക്കിലാണെന്ന് അവർക്കെല്ലാം അറിയുന്നതുകൊണ്ടാകാം. ആ മേഖലയിലെ ഏറ്റവും ദുർബലമായ രാജ്യങ്ങളിലൊന്നായി ഇറാക്ക് മാറിയിരുന്നു. ഇറാക്കുമായുള്ള യുദ്ധകാലയളവിലും തുടർന്നു കുവൈറ്റ് ആക്രമിക്കുന്നതുവരേയും സദ്ദാമിന് അമേരിക്കൻ സഹായമുണ്ടായിരുന്നു. വിദഗ്ദരായ വൈദ്യസംഘടനകളുടെ കണക്ക് പ്രകാരം മരണനിരക്ക് ലക്ഷക്കണക്കിനായിരിക്കും. യു. എന്നിന്റെ രഹസ്യരേഖകൾ പ്രകാരം ഇറാക്കിക്കുട്ടികളുടെ 30% ത്തോളം പോഷകാഹാരക്കുറവുമൂലം മരണമടയാനുള്ള സാദ്ധ്യതയുണ്ട്. ■

*(യുദ്ധം ആരംഭിക്കുന്നതിന് ഒരാഴ്ച മുൻപ് പ്രസിദ്ധീകരണത്തിന് നൽകിയത്)*

## സമരം സർവ്വലോകരക്ഷയ്ക്ക് – വന്ദനശിവ

പേജ് 5 ➡
പ്രസിഡന്റും ചെയ്തതതുതന്നെയാണ്. എന്നാൽ അവർ എതിരാളികളിൽ ആശയക്കുഴപ്പം സൃഷ്ടിച്ചിരുന്നു. യു. എൻ. നെ തങ്ങൾക്കൊപ്പം നിറുത്തുമായിരുന്നു. തന്റെ പടകൊണ്ട് ലോകത്തെ വരുതിയിലാക്കാമെന്നു കരുതിയ ബുഷ് ഇത്തരത്തിലല്ല പ്രവർത്തിച്ചത്. പതിറ്റാണ്ടുകളായി എഴുത്തുകാരും പണ്ഡിതരും പരാജയപ്പെട്ടിടത്താണയാൾ വിജയം വരിച്ചത്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പ്രവർത്ത യന്ത്രത്തിന്റെ പ്രവർത്തനഭാഗങ്ങളും ആണികളുമെല്ലാം പൊതുദർശനത്തിനു വെച്ചിരിക്കുകയാണയാൾ.

ഇപ്പോൾ പൊതുവിതരണത്തിനായി സാമ്രാജ്യത്തിന്റെ ബ്ലൂപ്രിന്റ് പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. പണ്ഡിതന്മാർ പ്രവചിച്ചതിലുമെളുപ്പത്തിലും വേഗത്തിലും ഈ യന്ത്രത്തെ ഇപ്പോൾ പ്രവർത്തന രഹിതമാക്കാം. ■

(മൊഴിമാറ്റം: മനോജ് കുമാർ – ഫ്രണ്ട്‌ലൈൻ)

**Statement about ownership and other particulars about News paper - Niyamasamskarakendrathinte Jananeethi**

**Form - 4**
(See Rule 8)

| | | |
|---|---|---|
| 1. | Place of Publication | : Thrissur - 680 001 |
| 2. | Periodicity of the Publication | : Monthly |
| 3. | Language | : Malayalam |
| 4. | Printer's Name | : Bijo Francis |
| | Nationality | : Indian |
| | Address | : Neelankavil, Santhi Nagar Thrissur - 680 003 |
| 5. | Publishers Name | : Bijo Francis |
| | Nationality | : Indian |
| | Address | : Neelankavil, Santhi Nagar Thrissur - 680 003 |
| 6. | Editors | : K.G. Sankara Pillai, C.P. Gangadharan, George Pulikuthiyil, P.N.Gopikrishnan, P.S. Manojkumar |
| | Nationality | : Indians |
| | Address | : Jananeethi, Thrissur -1 |
| 7. | Name & Address of the individual who owns the news paper | : Bijo Francis : Neelankavil, Santhi Nagar Thrissur - 680 003 |

I, Bijo Francis, hereby declare that the particulars given above are true to the best of my knowledge and belief.

Date : 21-4-2003 (Sd/-)
Publisher

# യുദ്ധം, സ്ത്രീ, ഒപ്പ്

**അഡ്വ. ജാസ്മിൻ ജോസഫ്**

ജനനീതി ഏപ്രിൽ 3ന്, യുദ്ധത്തിനെതിരായി ഇറാഖി ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച്, സ്ത്രീകളുടെ നേതൃത്വത്തിൽ ഒപ്പ് ശേഖരണം നടത്തിയ തൃശ്ശൂർ ശക്തൻതമ്പുരാൻ ബസ്സ്റ്റാൻഡാണ് വേദി.

യുദ്ധവിരുദ്ധവികാരം ജനങ്ങളിൽ ഉള്ളതുകൊണ്ട് പ്രായേണ എളുപ്പമായിരുന്നു ഒപ്പിടുവിക്കൽ. എന്നാൽ സ്ത്രീകളുടെ പ്രതികരണങ്ങൾ നിരാശപ്പെടുത്തി. സർക്കാർ സർക്കാരിതിര സംഘടനകളുടെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളെല്ലാം പാഴായി എന്നുതോന്നി.

കൈയ്യൊപ്പിനായി സമീപിച്ചപ്പോൾ കണ്ട സ്ത്രീകളിൽ ഭൂരിഭാഗം ഇവരായിരുന്നു:-

- അകലെ നിന്നേ ഒഴിഞ്ഞുമാറി മറുവഴി തേടുന്നവർ.
- കാൽവിരലിൽ ദൃഷ്ടിയുറപ്പിച്ച്, ചുറ്റുപാടുകളെക്കുറിച്ച് ബോധവതികളാകാതിരിക്കാൻ ബദ്ധശ്രദ്ധപ്പെടുന്നവർ.
- യുദ്ധമോ എന്ന മറുചോദ്യം നോട്ടത്തിലൂടെ വ്യക്തമാക്കിയവർ.
- ഇതൊന്നും 'കുലീന'കൾക്ക് ചേർന്നതല്ല എന്ന ഭാവം മുഖത്തും നോട്ടത്തിലും വ്യക്തമാക്കിയവർ.
- ഒപ്പിടാൻ അനുവാദത്തിനായി ഭർത്താവിനെ/കൂടെയുള്ള പുരുഷനെ ആശ്രയിക്കുന്നവർ.
- ഒപ്പ് ശേഖരിക്കുന്നവർ യഥാർത്ഥ സ്ത്രീകളോ എന്ന് ആശ്ചര്യത്തോടെ നോക്കിയവർ.
- യുദ്ധം നടന്നോട്ടെ, ഞാനും എന്റെ ഭർത്താവും തട്ടാനും മാത്രം മതിയെന്നവർ.
- 'ഇറാഖിലെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചൊന്നു ചിന്തിക്കൂ' എന്നു പറയുമ്പോൾ 'ശ്ശോ, ഞങ്ങളോ? നീ വേഗം വാടീ' എന്നു പറഞ്ഞകലുന്നവർ.
- യുദ്ധം എന്റെ വീട്ടുമുറ്റത്തല്ലല്ലോ എന്ന് സമാശ്വസിച്ചവർ.
- ഞാനെന്തിന് പ്രതികരിക്കണം എന്ന് ആശ്ചര്യപ്പെട്ടവർ.....
- ഇതെന്തിന് എന്ന മറുചോദ്യം ഉയർത്തിയ സ്ത്രീകൾ ഇല്ല. പഴയ മിഥ്യകളുടെ തടവുകാരണ് ഇന്നും സ്ത്രീകൾ. വിലങ്ങുകൾ ആഭരണങ്ങളാണ് എന്ന് അഭിമാനിക്കുന്നവർ.
- ഇങ്ങനെ ഒഴിഞ്ഞുമാറലിന്റെ അനന്ത രൂപങ്ങൾ.

അവർ ഒഴിഞ്ഞുമാറുന്നത് അരങ്ങിൽ നിന്നും അടുക്കളയിലേക്ക് തന്നെ. പ്രബുദ്ധതയിൽനിന്ന് വിധേയത്വത്തിലേക്ക്. ചരിത്രം പുറകോട്ട് നടക്കുന്നു.

ഒപ്പിട്ട സ്ത്രീകൾ പോലും ചോദിച്ചില്ല എന്റെ ഒപ്പ് നിങ്ങൾ എന്തുചെയ്യാൻ പോകുന്നുവെന്ന്! ഭർത്താവോ, ഭർതൃവീട്ടുകാരോ, അച്ഛനോ, സഹോദരനോ പറയുന്നിടത്തെല്ലാം ഒപ്പിട്ടുകൊടുത്തശേഷം, 'അയ്യോ എന്റെ നഷ്ടപ്പെട്ട അവകാശം' എന്ന് ജനനീതിയിൽ വന്ന് പരിതപിക്കുന്ന സ്ത്രീകളെ ഓർത്തു. സ്വന്തം ഒപ്പില്ലാത്തവരും ധാരാളം. എന്റെ ഒപ്പ് കൂടി ചേട്ടൻ ഇട്ടോളൂ. ഹാജർ പുസ്തകത്തിലല്ലാതെ എവിടെയും സ്വയമേ ഒപ്പിട്ടിട്ടില്ലാത്തവർ.

കന്യാസ്ത്രീകൾക്ക് യുദ്ധത്തിനെതിരെ സന്യാസിനിമാരുടെ ഒപ്പ് എന്തിന് എന്ന് കൗതുകം. 'ദൈവത്തിന്റെ മണവാട്ടി'കൾക്ക് മഠത്തിന്റെയും സ്ഥാപനങ്ങളുടെയും നിലനിൽപ്പിനപ്പുറം ഉൽക്കണ്ഠകളില്ലായിരിക്കും. അഥവാ, സുപ്പീരിയറിൽ നിന്നോ, ബിഷപ്പിൽനിന്നോ അനുവാദം മുൻകൂട്ടി വാങ്ങേണ്ടിവരാം. ഉടുപ്പിലെന്ന പോലെ ഒപ്പിലും വിധേയത്വം 'വിശുദ്ധി' യുടെ അടയാളമാണല്ലോ!

ചിരി വിദ്യാർത്ഥിനികളുടെ മുഖമുദ്ര. ഈ ചിരിയും സ്വതന്ത്രമല്ല. ഒഴിഞ്ഞുമാറലിന്റേതാണ്. വ്യക്തിത്വത്തിലേക്ക് വിടരാത്ത ഭീരുച്ചിരി.

വൈകീട്ട് കൂലിയും വാങ്ങി വീട്ടിലേക്ക് കുതിക്കുന്ന സ്ത്രീകളിൽ ഒരല്പം ഊർജ്ജം ഇനിയും ബാക്കി. ഇരുകൈകളിലും നിത്യോപയോഗ സാധനങ്ങളുടെ ഭാരമേറ്റിയിട്ടും ഒരു നിമിഷം നില്ക്കാനും, ഒപ്പിടാനറിയില്ലല്ലോ എന്ന് പറയാനും അവർ തയ്യാറായി. ഒപ്പിട്ടവരും ഏറെ. അവരിലെ ഊർജ്ജം അവരിലെ ലോകത്തിന്റെ ഭാഷ. പഠിച്ചവരേക്കാളും, കൂടുതൽ പണം കൊയ്യുന്നവരേക്കാളും ചരിത്രവൽക്കരിക്കപ്പെട്ടത് അവരുടെ സ്വത്വം.

കൊടുങ്ങല്ലൂരിൽനിന്ന് ലഹരിയിൽ ചിലമ്പുന്ന സ്ത്രീ കോമരത്തേയും മടിയോടെ സമീപിച്ചു. പ്രതികരണം വിഭ്രമജനകം. എടീയേ കാളി, പേച്ചീ, പാറൂ..... ഈടൊന്ന് വരീ..... ഇവര് യുദ്ധത്തിനെതിരാണ്. നമ്മുടെ ഒപ്പ് ചോതിക്കണ്... കൊടുക്കടീ...

ചുറ്റും രക്തവർണ്ണ പ്രളയം ■

# ആദിവാസിയുടെ രക്ഷയ്ക്ക് ആദിവാസി മാത്രം

**അഡ്വ. ജോർജ്ജ് പുലികുത്തിയിൽ**

വാർത്താ മാധ്യമങ്ങളിൽ നിന്ന് മുത്തങ്ങയും ആദിവാസിയും മാഞ്ഞുതുടങ്ങി. ഈ പ്രശ്നം പൊതുമറവിയിൽ മറയുകയല്ല, പൊതുജാഗ്രതയിൽ തീക്ഷ്ണമാവുകയാണ് വേണ്ടത്. ആദിവാസി പ്രശ്നം പരിഹരിക്കാൻവേണ്ട നൈതിക പ്രബുദ്ധത ഇന്നത്തെ അധികാരവ്യവസ്ഥയിൽ നിലനിൽക്കുന്നില്ല. നിരന്തര സമരങ്ങളിലൂടെ നിർമ്മിച്ചെടുക്കേണ്ടതാണ്, പുതിയൊരു ജനാധിപത്യസംസ്ക്കാരത്തിന് തുടക്കമാകാവുന്ന, ഈ നൈതിക രാഷ്ട്രീയശക്തി. മുത്തങ്ങ ഒരു കാർണിവൽ ആയിരുന്നില്ല. അല്ല. ആക്കിക്കൂടാ. അതൊരു തീവ്രവാദമോ ഭീകരതയോ ആയിരുന്നില്ല. അല്ല. ആക്കിക്കൂടാ.

സാമൂഹ്യ നീതിയുടെ ഏറ്റവും ഉജ്ജ്വലമായ ഒരു സമകാലികപ്രകാശനം ആയിരുന്നു മുത്തങ്ങാ സംഭവം. ഇപ്പോൾ ആരവമൊഴിഞ്ഞും ആളൊഴിഞ്ഞും മുത്തങ്ങയുടെ വാർത്താമണ്ഡലം മൂകമായി. ഇതിന്റെ അർത്ഥം ആദിവാസിപ്രശ്നത്തിന്റെ സമരശക്തി തളർന്നു എന്നല്ല. ഇന്ത്യൻ ശിക്ഷാനിയമം 302, 307 വകുപ്പുകൾക്ക് കീഴിൽ എഴുതിച്ചേർത്ത കള്ളക്കേസുകളും, പീഡനങ്ങളും, കുരുതികളും, യാതനകളും ഏൽപിച്ച മുറിവുകളിൽ നിന്നുമുദിക്കുക കൂടുതൽ ശക്തമായ മുന്നേറ്റമായിരിക്കും. ചരിത്രനീതി അതാണ്.

ജയിലിൽ നിന്നിറങ്ങിയ ജാനുവാകട്ടെ പോലീസ് കസ്റ്റഡിയിലെയും ജയിലിലെയും അനുഭവങ്ങൾ നൽകിയ പുതിയ കരുത്തുമായി ആദിവാസി തുടികളിലും കോളനികളിലും രാപ്പലുകൾ ചിലവഴിക്കുന്നു. സ്വന്തം ജനത്തിന്റെ വേദനകളും ഉത്ക്കണ്ഠകളും പങ്കുവെയ്ക്കുന്നു. ആദിവാസി കോളിനികളിൽ പുതിയ വിശ്വാസങ്ങളും പ്രതീക്ഷകളും ഉണർവ്വുകളും പകർന്നുകൊണ്ട് 'മുഴുവൻ ആദിവാസികൾക്കും ഭൂമി ലഭിക്കും വരെ വിശ്രമിക്കില്ല' എന്ന നിശ്ചയദാർഢ്യത്തിൽ അവർ ഉറച്ചു തന്നെ.

ആദിവാസിയുടെ രക്ഷയ്ക്ക് ആദിവാസി മാത്രം. ഈ അറിവ് ജാനുവിന് പുതിയതല്ല. 1992 ൽ തന്നെ ജാനു ഇത് പറഞ്ഞിട്ടുണ്ട്. പുതിയ സംഭവങ്ങൾ പഴയ ബോദ്ധ്യങ്ങളെ അരക്കിട്ടുറപ്പിക്കുന്നുവെന്നേയുള്ളൂ.

ആദിവാസിയുടെ പേരിൽ ബൃഹത്തായ നേട്ടങ്ങൾ ഉണ്ടാക്കിയവർ മുത്തങ്ങ സംഭവങ്ങളോടെ ആദിവാസിയെ തള്ളിപ്പറഞ്ഞു, ജാനുവിനും ഗോത്രമഹാസഭക്കുമെതിരായി പ്രസ്താവനകളിറക്കി; നിരവധി പേർ എവിടേയ്ക്കോ മുങ്ങി, പലരും ഇതുവരെ പൊങ്ങിയതുമില്ല. വേറെ ചിലർ ആദിവാസി വേട്ടയ്ക്കെത്തിയ പോലീസിന് സൗകര്യങ്ങൾ ചെയ്തുകൊടുത്തതായും അറിയുന്നു.

ആദിവാസിയുടെ ഭൂമിക്കുവേണ്ടിയുള്ള അവകാശസമരത്തെ സായുധവിപ്ലവമെന്ന് വിളിച്ചവർ ഭരണത്തിലിരിക്കുന്നവരും സാംസ്ക്കാരിക നായകത്വം അവകാശപ്പെടുന്നവരുമാണ്. ആദിവാസികൾ വനത്തിന് തീയിട്ടുവെന്നും വെടിയുതിർക്കാതിരിക്കാൻ പറ്റാത്ത വിധം പോലീസിനെ പ്രകോപിപ്പിച്ചുവെന്നും ദൽഹിയിൽ പത്രസമ്മേളനം വിളിച്ചുകൂട്ടി പറഞ്ഞത് കേരളത്തിന്റെ വനം മന്ത്രിയാണ്. എന്നിട്ടിപ്പോഴിതാ പോലീസിന്റെ പി. ആർ. ഒ. ഔദ്യോഗികമായ പ്രസ്താവനയിൽ അറിയിക്കുന്നു, "കാടിനും ആദിവാസികുടിലുകൾക്കും തീയിട്ടതും, വെടിവെയ്പിന് പ്രേരിപ്പിച്ചതും വനം വകുപ്പാണെ"ന്ന്! മുത്തങ്ങയിൽ സ്വതന്ത്രമായ അന്വേഷണമൊന്നും നടക്കാത്തതിന്റെ കാരണങ്ങൾ ഇനിയെന്തിന് അന്വേഷിക്കണം!

മതികെട്ടാനിലും നെല്ലിയാമ്പതിയിലും മറ്റനേകം വനം കയ്യേറ്റ സംഭവങ്ങളിലും കാണാതിരുന്ന കൃത്യനിർവ്വഹണഭ്രമം മുത്തങ്ങയിൽ വനം വകുപ്പ് പ്രകടിപ്പിച്ചതെന്തുകൊണ്ടാണ്? മരങ്ങളായ മരങ്ങളെല്ലാം മുറിച്ചുമാറ്റപ്പെട്ട മുത്തങ്ങ പ്രദേശത്ത് തേക്കുമരങ്ങൾ വെച്ചുപിടിപ്പിക്കാൻ കേന്ദ്രത്തിൽ നിന്നും കൈപ്പറ്റിയ 70 കോടികൾ പോയവഴികളേക്കുറിച്ച്, ഏതാനും കുഴികളല്ലാതെ തേക്കുചെടികളൊന്നും കാണാത്ത അവസ്ഥയെക്കുറിച്ച്, ജാനുവും കൂട്ടരും ഉറക്കെ ചിന്തിച്ചു തുടങ്ങിയിരുന്നതാണ് കാരണം.

വനം മന്ത്രിക്ക് പിന്തുണയും ആവേശവുമായി പാർലമെന്റംഗവും കേരള മുന്നണി രാഷ്ട്രീയത്തിലെ ഒന്നാം നിര നേതാവുമായ മറ്റൊരാൾകൂടിയുണ്ട് സജീവമായി രംഗത്ത്. ആദിവാസിയുടെ മുഴുവൻ രക്തവും സ്വന്തം കുപ്പായത്തിലേറ്റാൻ സന്നദ്ധനായ മുഖ്യമന്ത്രിയുടെ കാവൽ ഏറ്റെടുത്ത അദ്ദേഹം രംഗം ശാന്തമാക്കാൻ ചില കടുത്ത പ്രസ്താവനകളിറക്കേണ്ടി വന്നു. "ജാനു ആദിവാസി നേതാവല്ല;" "അരുന്ധതി റോയി കേരളത്തിന് ശാപവും അപമാനവുമാണ്". വയനാട്ടിലെ മുഴുവൻ വന വിഭവങ്ങളും-ഔഷധസസ്യങ്ങൾ പ്രത്യേകിച്ചും-പുറത്തേയ്ക്കൊഴുകുന്നത് ഈ 'മാന്യ'ദേഹത്തിന്റെ 'അനുഗ്രഹ'ത്തോടെയാണെന്ന കാര്യം അറിയാത്തവർ വയനാട്ടിൽ ഉണ്ടോ എന്ന് സംശയം. തന്റെ ആജ്ഞാനുവർത്തിയും ആദിവാസികളെ മർദ്ദിച്ചൊതുക്കുന്നതിൽ ഊറ്റം കൊള്ളുന്നവനുമായ ഒരു ഡി.വൈ.എസ്.പി ബത്തേരിയിലുള്ളത് ജാനുവിനും ഗീതാനന്ദനും സുരേന്ദ്രനും വിനയായതിൽ അസ്വാഭാവികതയൊന്നുമില്ലതാനും.

ഭൂമിയ്ക്കുവേണ്ടിയുള്ള സമരത്തിൽ നിന്നും ഒരിഞ്ചുപോലും പിന്നോട്ടില്ലെന്ന് ജാനുവും ഗീതാനന്ദനും ഉറച്ച സ്വരത്തിൽ പറയുന്നു. പോലീസിലെ രക്തദാഹികൾ പിച്ചിച്ചീന്തിയ സുരേന്ദ്രന്റെ ഏറ്റവും വലിയ വേദന താനുൾപ്പെടുന്ന അദ്ധ്യാപക വർഗ്ഗത്തിന്റെ കാപട്യത്തേക്കുറിച്ചാണ്. ഒരൊറ്റ അദ്ധ്യാപക സംഘടനയും സുരേന്ദ്രനുവേണ്ടി പരസ്യമായി നിലപാടുകൾ എടുക്കുകയോ രംഗത്ത് വരികയോ ചെയ്തില്ല പോലും! പുതിയ അനുഭവങ്ങളും അറിവുകളും ആദിവാസി പക്ഷത്ത് ഉറച്ചു നില്ക്കാൻ സുരേന്ദ്രനെ പ്രേരിപ്പിക്കുന്നു.

അങ്ങിനെ ജാനുവും ഗീതാനന്ദനും-സുരേന്ദ്രനും മറ്റും ചേർന്ന്, ഉടഞ്ഞ വിഗ്രഹമെന്ന് കരുതിയ ആദിവാസി സ്വത്വത്തെ വീണ്ടും വിളക്കിച്ചേർത്തിരിക്കുന്നു. മരണഭീതിയെ സ്വന്തം ശരീരത്തിൽ അതിജീവിച്ച അവർ ശക്തമായ തിരിച്ചുവരവിന് ഒരുങ്ങുകയാണ്. അവരോടൊപ്പം ആഴത്തിൽ മുറിവേറ്റ ഒരു ജനതയും. ■

Reg. No.3551/93/L Dis
Reg. No. KL/CR/TCR/347/2003-2005

ജനനീതി

# ലോകത്തിന്റെ ഏക പ്രതീക്ഷ

## ബെർതോൾഡ് ബ്രെഹ്റ്റ്

I

മർദ്ദനം കുളക്കരയിലെ പായൽപോലെ പ്രാചീനമല്ലേ?
കുളക്കരയിലെ പായൽ നമുക്ക് ഒഴിവാക്കാനാവില്ല, തീർച്ച
ഒരു പക്ഷേ ഞാനീ കാണുന്നതെല്ലാം സ്വാഭാവികമായിരിക്കാം;
മാറ്റാൻ കഴിയാത്ത ഒന്നിനെ മാറ്റാൻ ശ്രമിക്കുന്ന എനിക്കാവും അസുഖം.
പിരമിഡുകൾ പണിത ഈജിപ്തുകാരുടെ പാട്ടുകൾ ഞാൻ വായിച്ചിട്ടുണ്ട്.
അതിൽ അവർ തങ്ങളുടെ ചുമലുകളിലെ ഭാരത്തെ പഴിച്ചുകൊണ്ട്
എന്ന് ഈ മർദ്ദനത്തിനറുതിവരും എന്നു ചോദിക്കുന്നുണ്ട്.
അത് നാലായിരം കൊല്ലങ്ങൾക്കു മുമ്പായിരുന്നു.
മർദ്ദനവും പായൽപോലെ ഒഴിവാക്കാനാവാത്ത ഒന്നാണെന്ന് വരുമോ?

II

ഒരുകുട്ടിയുടെമേൽ കാറ് കയറാൻ പോകുന്നു എന്നുകണ്ടാൽ
നാമതിനെ വഴിയോരത്തേക്ക് പിടിച്ചുമാറ്റില്ലേ?
സ്മാരകങ്ങൾ പണിത് നാം ആദരിക്കുന്ന
കരുണാമയന്മാർ മാത്രമല്ല, ആരും അത് ചെയ്യും.
എന്നാൽ ഇവിടെ ഒട്ടേറെപ്പേർ വീണുകിടക്കുന്നു.
പലരും കടന്നുപോകുന്നു; പക്ഷേ ആരും ഒന്നും ചെയ്യുന്നില്ല.
യാതന സഹിക്കുന്നവരുടെ എണ്ണം വളരെ വലുതായതുകൊണ്ടാണോ
ഇങ്ങനെ സംഭവിക്കുന്നത്?
അവർ ഒരുപാട് പേരുണ്ട് എന്നതുതന്നെ
അവരെ കൂടുതൽ സഹായിക്കാനുള്ള കാരണമല്ലേ?
എന്നിട്ടും നാം വളരെ കുറച്ചുമാത്രം സഹായിക്കുന്നു.
കാരുണ്യവാന്മാർപോലും ഒന്നും ചെയ്യാതെ കടന്നുപോവുന്നു.
എന്നിട്ടും അവർ കാരുണ്യവാന്മാരായി തുടർന്നും കരുതപ്പെടുന്നു.

III

യാതന സഹിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതോടെ
അവരുടെ യാതന കൂടുതൽ സ്വാഭാവികമാണെന്ന പ്രതീതി ഉണ്ടാവുന്നു;
കടലിലെ മത്സ്യങ്ങൾ നനയുന്നുവല്ലോ എന്ന്
ആരാണ് വേവലാതിപ്പെടുക?
യാതന അനുഭവിക്കുന്നവർതന്നേയും
ഈ ദയാരാഹിത്യം പങ്കുവയ്ക്കുന്നു.
തങ്ങളോടുപോലും അവർ കാരുണ്യം കാണിക്കാൻ മറന്നുപോകുന്നു.
നിലനില്ക്കുന്ന, അസഹനീയ അവസ്ഥകളുമായി
മനുഷ്യർ ഇത്ര എളുപ്പത്തിൽ പൊരുത്തപ്പെട്ടുപോവുന്നു എന്നത്,
അപരിചിതരുടെ യാതനകൾ എന്നപോലെ തങ്ങളുടെ യാതനകളും
അവർ നിർവ്വികാരമായി സഹിക്കുന്നു എന്നത്, ഭീകരമല്ലേ?
കാര്യങ്ങൾ വളരെ മോശമാണെന്നു തിരിച്ചറിയുന്നവർപോലും
മനുഷ്യർ മറ്റു മനുഷ്യരോടു സഹാനുഭൂതി കാട്ടണം എന്ന് ആവശ്യപ്പെടുന്നില്ല.
എന്നാൽ മർദ്ദിതർക്ക് മറ്റു മർദ്ദിതരോടുള്ള
സഹാനുഭൂതി ഒഴിച്ചുകൂടാനാവാത്തതാണ്.
കാരണം അതാണ് ലോകത്തിന്റെ ഏക പ്രതീക്ഷ ■

(*പരിഭാഷ*: **ടി.കെ.രാമചന്ദ്രൻ**)

# ബഹിഷ്ക്കരിക്കുക

***നിത്യോപയോഗ വസ്തുക്കളായി കമ്പോളത്തിൽ എത്തുന്നതും നമ്മുടെ ജീവിത്തിൽ അതിപ്രധാനമായ സ്ഥാനം നേടിയിരിക്കുന്നതുമാണ് താഴെ പറയുന്ന പല അമേരിക്കൻ-ബ്രിട്ടീഷ് ഉൽപ്പന്നങ്ങളും. അവയിൽ പലതും അമേരിക്കൻ-ബ്രിട്ടീഷ് ഉൽപന്നങ്ങളാണെന്ന് അറിയാത്ത അത്രമേൽ അവ നമ്മളോട് ഇണങ്ങിയിരിക്കുന്നു. അവയുടെ ഒരു ദിവസത്തെ ഉപയോഗം നാം നിർത്തിവെയ്ക്കുകയാണെങ്കിൽ അവയുടെ ഉല്പാദകർക്ക് 8.7 ബില്യൻ ഡോളർ നഷ്ടം വരും.***

## അമേരിക്കൻ–ബ്രിട്ടീഷ് ഉൽപന്നങ്ങൾ ബഹിഷ്ക്കരിക്കൂ. ലോകസമാധാനത്തിൽ പങ്കാളികളാവൂ.

***ഇന്ത്യയിൽ അമേരിക്കയുടെ ഇടപെടൽ സൈനികമായല്ല മറിച്ച് കമ്പോളത്തിലൂടെയാണ്. അതിനാൽതന്നെ കമ്പോളത്തിൽ അമേരിയ്ക്കക്കെതിരെയുള്ള ഒരു ഇടപെടൽ വികസിപ്പിച്ചെടുക്കുക എന്നത് ഇക്കാലത്തെ നൈതികവും സാംസ്ക്കാരികവും രാഷ്ട്രീയവുമായുള്ള ഒരു ദൗത്യമാണ്. ബഹിഷ്ക്കരിക്കേണ്ട ചില അമേരിക്കൻ-ബ്രിട്ടീഷ് ഉൽപന്നങ്ങളുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.***

**സോപ്പുകൾ**

ലക്സ്, റെക്സോണ, ലിറിൽ, ഹമാം, ഡെറ്റോൾ, ലൈഫ്ബോയ്, ബ്രീസ്, പിയേഴ്സ്, മോട്ടി, ഡൗവ്, ഡെനിം, പാമോലീവ്, ജെയ്, കാമേ, ജോൺസൺ & ജോൺസൺ, ഇംപീരിയൽ ലെതർ, സാവലോൺ, ഫാ, ആംവേ പ്രോഡക്ടസ്,

**അലക്കുപൊടികൾ**

സർഫ്, സൺലൈറ്റ്, ട്രൈഡ്, റിൻ, വീൽ, ഏരിയൽ, 501, ഏക്സിയോൺ, ആല, ഹാർപിക്

**സൗന്ദര്യവർദ്ധകവസ്തുക്കൾ**

പോണ്ട്സ്,യാർഡ്ലി, ഫെയർ & ലൗലി, ലാക്മേ, ബ്രിൽ ക്രീം, പാൻടീൻ, സൺസിൽക്ക്, ഹെഡ് & ഷോൾഡേഴ്സ്, വാസ്ലിൻ, ഇവ, ഷവർ ടു ഷവർ, ലിറിൽ, ഡെനിം, ഫാ. ലക്സ്, ആയുഷ്, നിഹാർ, ഇംപീരിയൽ ലെതർ, ലോറിയൽ, വിൽക്കിൻസൺ, ഗില്ലറ്റ്, ഓൾഡ് സ്പൈസ്, സെവൻ ഓ ക്ലോക്ക്, ക്ലോസ്-അപ്പ്, കോൾഗേറ്റ്

**ഭക്ഷ്യോത്പന്നങ്ങൾ**

ഹോർലിക്സ്, ബോൺവിറ്റ, ബൂസ്റ്റ്, മൈലോ, മാൾട്ടോവ, സെരിലാക്, ഫാരക്സ്, ഗ്ലൂക്കോവിറ്റ, ഗ്ലൂക്കോൺ-ഡി, ലാക്ടോജൻ, കാഡ്ബറീസ് പ്രോഡക്റ്റ്സ്, നെസ്ലേ പ്രൊഡക്സ്, ഡാൽഡ, ലിപ്ടൺ പ്രൊഡക്റ്റ്സ്, ബ്രൂക്ക് ബോണ്ട്

**ലഘുപാനീയങ്ങൾ**

പെപ്സി, കൊക്കകോള, ഫാന്റ, മൗണ്ടൻ ഡ്യൂ, സെവൻ അപ്, തംസ് അപ്, സ്ലൈസ്, മിറിണ്ട, സ്പ്രൈറ്റ്, ലിംക, സ്കീവീപേഴ്സ്, അക്വ ഫിന, കിൻലി, മാക്ഡൗവൽ

**റെഡിമെയ്ഡ് ഉടുപ്പുകൾ**

ലീ, വാൻ ഹ്യൂസൈൻ, ലീ കോപ്പർ, പീറ്റർ ഇംഗ്ലണ്ട്, ലൂയീസ് ഫിലിപ്പ്, ക്രോക്കഡൈൽ, ലെവിസ്, ജോൺ മില്ലർ, ന്യൂപോർട്ട്, ലാകോസ്റ്റ, ആരോ, റെയ്മെണ്ട്, പാൻ അമേരിക്ക, ഫ്ളൈയിങ്ങ് മെഷീൻ, വുഡ്ലാൻഡ്സ്, നൈക്, റീബോക്, ആഡിഡാസ്, ബാറ്റ, ചെറി, കിവി, കാമൽ.

**സിഗരറ്റുകൾ**

മൾബറോ, 555, ബെൻസൺ & ഹെഡ്ജസ്, റോത്തമൻസ്, മൈൽഡ് സെവൻ, ഡൺഹിൽ ■

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709